ഡിസ്ട്രിക്ട് ആഫീസിൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ ഉടനേ നടത്തുമോ ?

ഉത്തരം

(എ) 25 ഒഴിവുകൾ.

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനത്തിനായി ഉദ്യോഗാർത്ഥികളെ ഉടനേ ശുപാർശ ചെയ്യുന്നതാണ്.

"അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ"

324. [506] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും വേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എവിടെയെല്ലാമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ ആസ്ഥാനമാക്കി സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മൂന്ന് ബഞ്ചുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഭാഷാ ന്യൂനപക്ഷങ്ങളുടെ ജാതി സർട്ടിഫിക്കറ്റ്

325. [507] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾ ഉൾപ്പടെയുള്ളവർക്ക് ജാതി സർട്ടിഫിക്കറ്റ് കേരളത്തിൽ നിന്നും നൽകുന്നില്ലയെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു സംസ്ഥാനത്തുനിന്നും മറ്റൊരു സംസ്ഥാനത്തേക്ക് കുടിയേറിപ്പാർക്കുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാർഗ്ഗരേഖകൾ 12-2-1986-ലെ ജി. ഒ. (എം. എസ്.) നമ്പർ 10/86/എസ്. സി. എസ്. റ്റി. ഡി. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് 1950-ലെ ഭരണഘടനാ പട്ടികജാതി/പട്ടികവർഗ്ഗ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് ഈ സംസ്ഥാനത്തേക്ക് കുടിയേറി സ്ഥിര താമസം ആക്കിയിട്ടുള്ളവർക്ക് അവരുടെ ജാതി/സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ അവർക്കും അവരുടെ മക്കൾക്കും ഈ സംസ്ഥാനത്തെ റവന്യൂ അധികാരികളിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാനും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ഈ സംസ്ഥാനത്തു നിന്നു തന്നെ ലഭിക്കുവാനും അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗം, വിദ്യാഭ്യാസം എന്നിവയ്ക്കായി 1950-ലെ ഭരണഘടനാ പട്ടിക ജാതി/പട്ടികവർഗ്ഗ ഉത്തരവ് നുശേഷം താല്ക്കാലികമായി ഈ സംസ്ഥാന ത്തേക്ക് കുടിയേറിയവർക്ക് അവർ ഏത് സംസ്ഥാനത്തുനിന്നും കുടിയേറിയോ അവിടെ അവരുടെ പിതാവിനു ലഭിച്ച ജാതി സർട്ടിഫിക്കറ് ഹാജരാക്കി യാൽ അതിന്റെ അടിസ്ഥാനത്തിൽ പുതിയ ജാതി സർട്ടിഫിക്കറ് നൽകുവാൻ ഈ സംസ്ഥാനത്തെ റവന്യൂ അധികാരികൾ ബാദ്ധ്യസ്ഥരാണ്. എന്നാൽ അവർക്കും അവരുടെ മക്കൾക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർ ക്കുള്ള ആനുകൂല്യങ്ങൾ ഈ സംസ്ഥാനത്തു നിന്നും ലഭിക്കുവാൻ അർഹത യില്ല. അവർ ഏത് സംസ്ഥാനത്തുനിന്നും കുടിയേറിയോ അവിടെ നിന്നും അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

മേൽ പരാമർശിച്ച ഉത്തരത്തിന്റെ വെളിച്ചത്തിൽ തമിഴ് ഭാഷാ ന്യൂനപക്ഷ ങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഈ സംസ്ഥാനത്തെ റവന്യൂ അധികാരികളിൽ നിന്നും ആവശ്യമായ അന്വേഷണങ്ങൾക്കുശേഷം അർഹരാണെന്നു കണ്ടാൽ ജാതി സർട്ടിഫിക്കറ് ലഭിക്കുന്നതാണ്.

തേക്കടി വികസന പ്രവർത്തനങ്ങൾ

326. [508] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയിൽ പുതിയതായി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുള്ള നിർദ്ദേശം വല്ലതും സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രസഹായത്തോടുകൂടി തേക്കടിയിലെ തടാകത്തിൽക്കൂടി യുള്ള ഉല്ലാസ യാത്രക്കായി രണ്ട് ബോട്ടുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തേക്കടിയിൽ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കാനും പരിപാടിയുണ്ട്.

വനം വകുപ്പിന്റെ കീഴിൽ തേക്കടി ആസ്ഥാനമാക്കി പെരിയാർ ടൈഗർ റിസർവ് വികസിപ്പിക്കുക, വന്യജീവികളുടെ വാസസ്ഥലം പരിപോഷി പ്പിക്കുക, അഗ്നിബാധയുണ്ടാകാതെ സൂക്ഷിക്കുക, വാർത്താവിനിമയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വന്യജീവി പഠനവും ഗവേഷണവും വിപുല പ്പെടുത്തുക, അനിമൽ ഓർഫനേജ് സ്ഥാപിക്കുക, സംരക്ഷണ ഉദ്യോഗ സ്ഥൻമാർക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാ ക്കുന്നതിനുവേണ്ടി ഒരു പ്രകൃതി പഠന സ്ക്കൂൾ സ്ഥാപിക്കുക എന്നിവയും പരിഗണനയിലുണ്ട്.

നെയ്യാർ ഡാം പരിസരം സംരക്ഷിക്കുന്നതിന് പ്രമീകരണം

327. [509] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർ ഡാം പരിസരം പൂർണ്ണമായി വൃത്തിഹീനമായും, പൂന്തോട്ടം സംരക്ഷണമില്ലാതെയും, വൈദ്യുത വിളക്കുകൾ കത്താതെയും ആയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly